# صَلَاةُ التَّسْبِيحِ

## തസ്ബീഹ് നിസ്കാര രൂപം

സാധിക്കുമെങ്കിൽ ദിവസത്തിലൊരിക്കൽ, അതിന് കഴിയില്ലെങ്കിൽ ആഴ്ചയിലൊരിക്കൽ, അതും കഴിയില്ലെങ്കിൽ മാസത്തിലൊരിക്കൽ, അതും കഴിയില്ലെങ്കിൽ വർഷത്തിലൊരിക്കൽ അതിനും കഴിയില്ലെങ്കിൽ ജീവിതത്തിലൊരിക്കലെങ്കിലും നിസ്കരിക്കണമെന്ന് കല്പിക്കപ്പെട്ട നിസ്കാരമാണ് തസ്ബീഹ് നിസ്കാരം. വളരെ മഹത്വമുള്ള ഈ നിസ്കാരത്തിന്റെ രൂപമാണ് താഴെ:

നിയ്യത്ത്: 'തസ്ബീഹ് നിസ്കാരം രണ്ട് റക്അത്ത് /നാല് റക്അത്ത് അല്ലാഹു തആലാക്ക് വേണ്ടി ഞാൻ നിസ്കരിക്കുന്നു '

തസ്ബീഹ് നിസ്കാരം നാലു റക്അത്താണ്. പകൽ സമയത്ത് നിസ്കരിക്കുമ്പോൾ ഒരു സലാം കൊണ്ടും (നാല് റക്അത്ത് കൂട്ടി നിസ്കരിക്കുക) രാത്രി നിസ്കരിക്കുമ്പോൾ രണ്ട് സലാം കൊണ്ടുമാണ് (രണ്ടു റക്അത്ത് കഴിഞ്ഞ് സലാം വീട്ടിയ ശേഷം അടുത്ത രണ്ട് നിസ്കരിക്കുക) നല്ലത്. ഓരോ റക്അത്തിലും ഫാതിഹയും സൂറത്തും ഓതിക്കഴിഞ്ഞാൽ അതേ നിറുത്തത്തിൽ തന്നെ പതിനഞ്ചുപ്രാവശ്യം

سُبْحَانَ اللهِ وَالْحَمْدُ لِلّٰهِ وَلَا إِلٰهَ إِلَّا اللهُ وَاللهُ أَكْبَرُ.

എന്ന ദിക്റ് ചെല്ലുക, അനന്തരം റുകൂഇൽ പത്ത് പ്രാവശ്യം ഇതേ ദിക്റ് ചെല്ലുക. റുകൂഇൽ നിന്നുയർന്ന് ഇഅത്തിദാലിലും അത്പോലെ ആദ്യത്തെ സുജൂദിലും, ഇടയിലെ ഇരുത്തത്തിലും വീണ്ടും രണ്ടാം സുജൂദിലും പിന്നീട് രണ്ടാം സുജൂദിൽ നിന്നുയർന്ന ശേഷം ഇസ്തിറാഹത്തിന്റെ ഇരുത്തത്തിലും ഇതേ ദിക്ർ പത്തു പ്രാവശ്യം വീതം ചൊല്ലുക .

(ഇസ്തിറാഹത്തിന്റെ ഇരുത്തം ഇല്ലാത്ത റക്അത്തിൽ അത്ത

ഹിയ്യാത്തിന്റെ മുൻപാണ് ദിക്ർ ചൊല്ലേണ്ടത്).

അങ്ങനെ ഒരു റക്അത്തിൽ എഴുപത്തഞ്ചു ദിക്റുകൾ.

ഇപ്രകാരം ഓരോ റക്അത്തിൽ ചൊല്ലിക്കൊണ്ട് രണ്ടാമത്തെ റക്അത്തിൽ സലാം വീട്ടി, വീണ്ടും ഇതുപോലെ രണ്ട് റക്അത്ത് നിസ്കരിച്ചു നാല് റക്അത്ത് പൂർത്തിയാക്കുക. പകൽ സമയത്താണെങ്കിൽ സലാം വീട്ടാതെ എഴുന്നേറ്റു രണ്ടു റക്അത്തു കൂടി നിസ്കരിക്കുക .

ആദ്യത്തെ റക്അത്തിൽ ഫാതിഹക് ശേഷം സൂറത്തുത്തകാസുറും രണ്ടാമത്തെ റക്അത്തിൽ വൽ അസ്രിയും മൂന്നാമത്തെ റക്അത്തിൽ കാഫിറൂനയും നാലാമത്തെ റക്അത്തിൽ ഇഖ്ലാസും ഓതുക. സലാം വീട്ടുന്നതിന് മുന്നെ സാധിക്കുമെങ്കിൽ ഇപ്രകാരം ദുആ ചെയ്യുക.

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ حَمْدًا يُوَافِي نِعَمَهُ ويُكَافِئُ مَزِيدَهُ° اَللّٰهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى أَهْلِ بَيْتِهِ وَصَحْبِهِ وَسَلِّمْ° اَللّٰهُمَّ إِنِّي أَسْأَلُكَ تَوْفِيقَ أَهْلِ الْهُدَى وَأَعْمَالَ أَهْلِ الْيَقِينِ وَمُنَاصَحَةَ أَهْلِ التَّوْبَةِ وَعَـزْمَ أَهْلِ الصَّبْرِ وَجِدَّ أَهْلِ الْخَشْيَةِ وَطَلَبَ أَهْلِ الرَّغْبَةِ وَتَعَبُّدَ أَهْلِ الْوَرَعِ وَعِرْفَانَ أَهْلِ الْعِلْمِ حَتَّى أَخَافَكَ° اَللّٰهُمَّ إِنِّي أَسْأَلُكَ مَخَافَةً تَحْجُزُنِي عَنْ مَعَاصِيكَ حَتَّى أَعْمَلَ بِطَاعَتِكَ عَمَلًا أَسْتَحِقُّ بِهِ رِضَاكَ وَحَتَّى أُنَاصِحُكَ فِي التَّوْبَةِ خَوْفًا مِنْكَ وَحَتَّى أُخْلِصَ لَكَ النَّصِيحَةَ حُبًّا لَكَ وَحَتَّى أَتَوَكَّلَ عَلَيْكَ فِي الْأُمُورِ كُلِّهَا وَحُسْنِ الظَّنِّ بِكَ° سُبْحَانَ خَالِقِ النُّورِ رَبَّنَا أَتْمِمْ لَنَا نُورَنَا وَاغْفِرْ لَنَا إِنَّكَ عَلَى كُلِّ شَيْءٍ قَدِيرٌ° بِرَحْمَتِكَ يَا أَرْحَمَ الرَّاحِمِينَ° وَصَلَّى اللّٰهُ وَسَلَّمَ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ ، وَالْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ°

ഈ നിസ്കാരത്തിന് ജമാഅത്ത് സുന്നത്തില്ല. തസ്ബീഹ് നിസ്കാരത്തിന് വേറെയും രൂപങ്ങളുണ്ട്. എളുപ്പത്തിൽ ചെയ്യാവുന്ന ഒരു രൂപമാണിത്.